**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിലെ കോളനികളുടെ നവീകരണത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട ആദിവാസി കോളനികളായ മുണ്ടയാട്, കടവ് എന്നിവയുടെ പിന്നോക്കാവസ്ഥയ്ക്കും ശോച്യാവസ്ഥയ്ക്കും പരിഹാരം കാണുന്നതിനായി പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താൻ മുൻകയ്യെടുക്കുമോ; | (എ) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട മുണ്ടയോട്, കടവിൽ എന്നീ കോളനികളെ 2021-22 വർഷത്തിൽ അംബേദ്കർ സെറ്റിൽമെന്റ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഊരുമൂപ്പന്റെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ ഉയർന്നുവന്ന ആദിവാസികളുടെ വിവിധ ആവശ്യങ്ങളായ സാംസ്കാരിക കേന്ദ്രത്തിന്റെ പുനർനിർമ്മാണം, റേഷൻ കട അനുവദിക്കൽ, ശ്മശാനം, തെരുവ് വിളക്ക്, കോൺക്രീറ്റ് റോഡ്, മൊബൈൽ നെറ്റ്‌വർക്ക്, കുടിവെള്ളപ്രശ്നം, കരകൗശല പരിശീലന കേന്ദ്രം, താൽക്കാലിക പട്ടയം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്ക്കരിക്കുമോ; | (ബി) | കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മുണ്ടയോട് തോടിന് കുറുകെ പാലം നിർമ്മാണം, കടവിൽ മുണ്ടയോട് റോഡ് കോൺക്രീറ്റ്, മുണ്ടയോട് - പാത്തിക്കൽ റോഡ് കോൺക്രീറ്റ്, കുടിവെള്ള പദ്ധതി, കടവിൽ തോടിന് കുറുകെ പാലം, വായനശാല, മുണ്ടയോട് അംഗൻവാടിയിൽ കുടിവെള്ള സൗകര്യം, ഷീറ്റ് മേയൽ, റോഡ് ടാറിംഗ്, കുടിവെള്ളമില്ലാത്ത വീടുകളിൽ കുടിവെള്ളം എത്തിക്കൽ, സ്വയം തൊഴിൽ സംരംഭം, കയർ നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ, പൊതു ശ്മശാനം നിർമ്മാണം, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി ടവർ സ്ഥാപിക്കൽ, റേഷൻ കട എന്നീ പദ്ധതികൾ പ്രത്യേക ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ആവിഷ്കരിക്കുന്നതാണ്. |
| (സി) | പ്രസ്തുത കോളനികളുടെ ഉന്നമനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നിർവ്വഹണ |

| | | | |
|---|---|---|---|
| | | | ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മുണ്ടയോട് തോടിന് കുറുകെ പാലം നിർമ്മാണം, കടവിൽ മുണ്ടയോട് റോഡ് കോൺക്രീറ്റ്, മുണ്ടയോട് - പാത്തിക്കൽ റോഡ് കോൺക്രീറ്റ്, കുടിവെള്ള പദ്ധതി, കടവിൽ തോടിന് കുറുകെ പാലം, വായനശാല, മുണ്ടയോട് അംഗൻവാടിയിൽ കുടിവെള്ള സൗകര്യം, ഷീറ്റ് മേയൽ, റോഡ് ടാറിംഗ്, കുടിവെള്ളമില്ലാത്ത വീടുകളിൽ കുടിവെള്ളം എത്തിക്കൽ, സ്വയം തൊഴിൽ സംരംഭം, കയർ നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ, പൊതു ശ്മശാനം നിർമ്മാണം, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി ടവർ സ്ഥാപിക്കൽ, റേഷൻ കട എന്നീ പദ്ധതികൾ പ്രത്യേക ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ആവിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ